# അപരാധികൾ

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# അപരാധികൾ

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ (18-ാംപതിപ്പ്). | 1 | 8 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | .8 | 0 |
| തിലോത്തമ | 0 | 8 | 0 |
| കലാകേളി | 0 | 12 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ എല്ലാംകൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi

# അപരാധികൾ

[രണ്ടാം പതിപ്പ്]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. ഏ.,

ഇടപ്പള്ളി.

PUBLISHERS:

**THE MANGALODAYAM LTD.,**
**TRICHUR.**

Digitized By Kerala Sahitya Akademi

*First Impression in 1120 (1000 Copies)*
*Second Impression in 1022 (1000 Copies)*

*All Rights of this Book*
*are strictly reserved and kept*

BY

MRS. SREEDEVI CHANGAMPUZHA

"SREEDEVI MANDIRAM"

EDAPPALLY

(N. Travancore)

PRICE:
RUPEE ONE

Printed at
The Mangalodayam Press
Trichur.

Digitized By Kerala Sahitya Akademi

*To*

*MY DEAR FRIEND*

# *Dr. James Pillut*

*(Edappally)*

Edappally
6—6—1120 } CHANGAMPUZHA

Digitized By Kerala Sahitya Akademi

ഹൃദയാർദ്ര്ത നാശമാണു, വൻ-
ചതികൊണ്ടേ ജയമുള്ളൂ ഭൂമിയിൽ

—ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

# കവിതകൾ


| | | |
|---|---|---|
| 1. | വേതാളകേളി | 1110 മകരം |
| 2. | കഞ്ചാവിന്റെ ചിറകുകളിൽ | 1115 മിഥുനം |
| 3. | തപ്തസന്ദേശം | 1110 കന്നി |
| 4. | എങ്ങനെയോ, അങ്ങനെ! | 1116 കുംഭം |
| 5. | കല്യാണബോംബ് | 1120 തുലാം |


Digitized By Kerala Sahitya Akademi

Man notices our failings,
But God sees our Strivings

*—Sir S. Radha Krishnan*

Digitized By Kerala Sahitya Akademi

# വേതാളകേളി

[ഒരു നാടകീയസ്വഗതഗീതം]

—സത്യ,മെന്നച്ഛനാ,ണാക്കൊടുംപാപിതൻ
രക്തം കുടിയ്ക്കാതടങ്ങില്ല ഞാനിനി!
പന്ത്രണ്ടു വത്സരം!—ഹാ, യുഗംപോലുള്ള
പന്ത്രണ്ടു നീങ്ങാത്ത നീണ്ട സംവത്സരം,
ഉന്തിയുരുട്ടിക്കഴിച്ചേനൊരുവിധം
നൊന്തുനൊന്താക്കൽത്തുറുങ്കിനകത്തു, ഞാൻ.
ഇങ്ങിതാ വീണ്ടും കിടപ്പു പണ്ടത്തെയാ-
ക്കർമ്മപ്രപഞ്ചം, വികാരകോടീചകം.
എന്നെ നോക്കിക്കൊണ്ടതിന്നേകസാകൂത-
മന്ദസ്മിതംതൂകി നില്പൂ,യാണെന്തിനോ!
ഞാനിതിനേക്കാളധഃപതിയ്ക്കാഞ്ഞതി-
ലാണതിനിപ്പോളസുഖം മുഴുവനും.
എന്തിതെൻമുന്നിൽ, വെയിലും വെളിച്ചവും
ചിന്തി,ച്ചിരിയ്ക്കും ദിനപ്രഭതന്നെയോ?
സന്തോഷപൂർവ്വം ശ്വസിപ്പിതോ വീണ്ടു,മ-
പ്പണ്ടത്തെയോമൽസ്വാതന്ത്ര്യവായുക്കളെ, ഞാൻ?

Digitized By Kerala Sahitya Akademi

അന്നു ഞാൻ ദർശിച്ച സ്വരാഭതന്നെയാ-
ണിന്നു,മതേ, നിഴലിപ്പതീ വീഥിയിൽ.
കാരാലയത്തിൽക്കടന്നുവന്നെത്തിയ
സ്വരാഭപോലുമിരുട്ടായിരുന്നു മേ!
ഇത്രയും കാല,മക്കാരാഗൃഹത്തിലെ
മൃത്യുലോകത്തിൽത്തനിച്ചു കഴിച്ച ഞാൻ,
ഇന്നിതാ വീണ്ടും തിരിച്ചുവരുന്നു നിൻ
മുന്നിലേ,ക്കെന്നിഷ്ടമർത്ത്യപ്രപഞ്ചമേ!

—എങ്കിലും—അയ്യോ, ഭയാനകം, ഭാവിതൻ
ചെങ്കനൽ ചിന്തുന്നൊരാത്തുറുകണ്ണുകൾ!
എന്താണിനിയത്തെ ജാതകം?—ഒന്നുകിൽ
പന്ത്രണ്ടുവത്സരം വീണ്ടും!—അല്ലെങ്കിലോ,
ഓർക്കുമ്പൊഴേയ്ക്കും കിടുകിടുത്തീടു,മാ-
ത്തൂക്കുമരം!—അതേ, രണ്ടി,ലേതെങ്കിലും!!
എന്നാലുമെന്താ,ക്കുടിലചിത്തത്തിലെ-
ച്ചെന്നിണം കാണാതടങ്ങില്ല ഞാനിനി!

—സംഭവംകൊണ്ടു നിറഞ്ഞ ഭൂതത്തിന്റെ
സംഭാവനയാം ശിഥിലസ്മരണകൾ,
മത്തുപിടിപ്പിയ്ക്കയാണിതാ വീണ്ടു,മെൻ
കത്തിപ്പടരും പുകയും മനസ്സിനെ!
മൽപ്രതീകാരമേ, കൽത്തുറുങ്കിൽ,ജ്ജീവ-
രക്തത്തിനാൽ മുലപ്പാൽ നിനക്കേകി ഞാൻ,
ലാളിച്ചു ലാളിച്ചു പോററി ഞാൻ മൽപ്രാണ-
നാളത്തിൽ നിന്നെ,യെന്നേകാഭിലാഷമേ!



Digitized By Kerala Sahitya Akademi

ജീവനെപ്പണ്ടേ കളഞ്ഞേനെ ഞാ,നതി-
ലേവമൊട്ടിപ്പിടിയ്ക്കാതിരുന്നെങ്കിൽ, നീ!
നിന്നെയാദ്ദുഷ്ടന്റെ ചെന്നിണച്ചോലയി-
ലൊന്നു നീന്തിയ്ക്കാനനുവദിയ്ക്കേണമേ!
ആയതിനാവശ്യമാം കരുത്തൊക്കെയു-
മായത്തമാകാനനുഗ്രഹിയ്ക്കേണമേ!
പിന്നെ, മണ്ണായി മറഞ്ഞുകൊള്ളട്ടെ,യീ-
മന്നിൽനിന്നെൻജഡം, മായാമലീമസം!
മൽപ്രതികാരം, മധുരം, മദകരം,
മൽപ്രാണലക്ഷ്യം രുധിരാങ്കിതാസുരം!

—ആ രാത്രി!—അയ്യോ, ഭയങ്കരം!—ലോകത്തി-
ലാ രാത്രി,യല്ലെങ്കി,ലെന്തിനണഞ്ഞുവോ?
എന്നെപ്പിശാചാക്കി മാററുവാൻ, ജീവിതം
കണ്ണീരിൽ മുക്കാൻ, സമസ്തവും മായ്ക്കുവാൻ!
അന്നത്തെയാക്കൊടുംകൂരിരുൾ വീണതൊ-
ട്ടിന്നോളമെത്തീല രശ്മിയൊന്നെങ്കിലും.
എല്ലാം തിമിരം, പ്രതികാരഭീകരം
എല്ലാം രുധിരാഭിഷിക്തം, ഭയങ്കരം.
അന്നത്തെയാപ്പരമാത്ഥം, പിശാചിനോ-
ടെന്നെ ബന്ധിച്ചോരാ രക്തപാനോത്സവം!—
ഹാ,നടുങ്ങുന്നു ഞാനിപ്പൊഴും, തീക്കൊള്ളി-
യാണെൻമനസ്സിൽ—നീയാരു വേതാളമേ?

—നീ കലാകാരനോ?—നിഷ്ഠുര, നിർദ്ദയം
നീയല്ലി മാററിക്കുറിച്ചതെൻ ജാതകം?



Digitized By Kerala Sahitya Akademi

കേവലം ധൂമം പിടിപ്പിച്ചു നീ,യെൻെറ
ജീവിതസ്വപ്നാനുഭൂതികൾ സർവ്വവും!
അന്നോളമാർജ്ജിച്ച സൗഭാഗ്യസിദ്ധിക-
ളൊന്നോടെ വേരു പിഴുതുകളഞ്ഞു നീ.
മൊട്ടിട്ടുവന്നൊരെൻ പ്രേമത്തിനെ, സ്വയം
കട്ടെടു,ത്തയ്യോ, ചുടലയിൽ നട്ടു നീ.
അത്ഭുതം, നീയോ കലാകാര,നെൻജീവ-
രക്തം കുടിച്ചോരറുകൊലയല്ലി, നീ?
വിട്ടയയ്ക്കില്ല വെറുതെ ഞാൻ നിന്നെ,യെൻ
നഷ്ടഭാഗ്യത്തിൻെറ കേതുനക്ഷത്രമേ!
നീ വമിച്ചീടും പുകകൊണ്ടു, മേലി,ലി-
ബ്ഭൂവിൻെറ ശാന്തികൾ മൂടാതിരിയ്ക്കണം.
പൊങ്ങിത്തുടങ്ങുന്നു ചക്രവാളത്തിൽനി-
ന്നങ്ങതാ, നിൻെറ മരണമണിയൊലി.
നിഷ്ഠുരകീടമേ, നിന്നെക്കിടത്തുവാൻ
പട്ടടകൂട്ടിത്തുടങ്ങിയഷ്ടാശകൾ.
അന്ധകാരത്താൽ വിരിച്ചുതുടങ്ങുന്നി-
തന്തി, നിന്നന്ത്യമാമാനനാച്ഛാദനം.
ഇന്നു വിടരുന്ന പാതിരാപ്പൂക്കൾ, നിൻ
ദുർമ്മരണത്തിൻ ചരിത്രം കുറിച്ചിടും.
ഇന്നു രാപ്പക്ഷികൾ പാടും പ്രപഞ്ചത്തിൽ
നിന്നന്ത്യഗദ്ഗദംകൊണ്ടുള്ള പാട്ടുകൾ.
കല്പാന്തവഹ്നിയായെത്തുകയായി ഞാ,-
നല്പനേരംകൂടി ജീവിച്ചുകൊൾക നീ!

* * *



Digitized By Kerala Sahitya Akademi

—ഞാനനശ്വരൂപനല്ലെങ്കിലും, നിന്നെ,യെൻ
പ്രാണനെപ്പോലെ ഞാൻ സ്നേഹിച്ചു, മല്ലികേ!
അല്ല, കലാകാരനല്ല ഞാ,നെങ്കിലു-
മില്ലായിരുന്നില്ലെനിക്കും മനസ്സമം.
വർണ്ണപ്പകിട്ടതിനില്ലെങ്കിലു,മതിൽ-
ത്തിങ്ങിത്തുളുമ്പിയിരുന്നു രാഗാമൃതം.
നിന്നനുഭൂതിസ്ഫൂർത്തിലവസാനത്തെ-
ബിന്ദുവുംകൂടിസ്സമർപ്പണം ചെയ്യുവാൻ,
സന്നദ്ധനായിരുന്നിട്ടു,മപരന്റെ
മന്ദസ്മിതത്തിനായെന്നെ വഞ്ചിച്ചു നീ.
വിശ്വവിമോഹിനി, നീ, കഷ്ട,മെങ്ങനെ
വിശ്വാസഘാതകിയായീ പൊടുന്നനെ?
ചെമ്പനീർപ്പൂപോലിരുന്ന നിൻ യൗവന-
സമ്പത്തു രണ്ടായ്പ്പകുത്തു നീ,യെന്തിനോ!
എന്നിട്ടു,മെന്നിൽനിന്നാ രഹസ്യം മറ-
ച്ചെന്നെ വഞ്ചിച്ചങ്ങൊളിച്ചു സുഖിച്ചു നീ.
പങ്കിട്ടധികമവനുപഹാരമായ്
ശങ്കാവിഹീനം കൊടുത്തു നിൻ യൗവനം.
ദേഹമെനിക്കു നീയേകി,യവനു നിൻ
ദേഹവും സ്നേഹവുമൊന്നിച്ചു നല്കി നീ!
അക്കലാസ്വാദനലോലുപത്വത്തിൽ, നിൻ
നിഷ്കളങ്കത്വമറുത്തു ഹോമിച്ചു നീ.
കത്തുന്ന മാംസദാഹത്തിനാൽ പേപിടി-
ച്ചുഴ്പ്പുവെള്ളംമുക്കി മുക്കിക്കുടിച്ചു നീ.



Digitized By Kerala Sahitya Akademi

പ്രത്യുഷദീപ്തിപോൽ ശുദ്ധമാം ദാമ്പത്യ-
സത്യദീപത്തിനെ സ്നേഹലോപത്തിനാൽ,
കഷ്ടം, പട്ടതിരികത്തിച്ചി,രുട്ടത്തു
പുക്ക, വേശ്യാസുഖോന്മാദം നുകന്നു നീ.
ശുദ്ധരിൽ ശുദ്ധനാമെൻമനസ്സാണു നീ
നിർദ്ദയം ഹോമിച്ചതുഗ്രകാമാഗ്നിയിൽ!
ആ മഹാപാപം ഭുജിച്ചു തീരാനിനി-
ബ്ഭൂമിയിൽ നീയെത്ര ജന്മം ജനിയ്ക്കണം!
ഉത്തമസ്ത്രീകളിൽ, മന്നി,ലൊന്നാമത്തെ-
ഉത്തമയായ് ഞാനോർത്ത നീപോലുമോമനേ,
അസ്ഥിരചിത്തയോ, വഞ്ചകിയോ?—മനം
കത്തുന്നു, കൊന്നു ഞാൻ നിന്നെയെൻ മല്ലികേ!

—എന്തെ,ന്തബലയോ നാരി?—യീലോകത്തി-
ലെന്തിരുമ്പുണ്ടവളേക്കാളുറച്ചതായ്?
അയ്യോ, വിഷം, വിഷം, പൊള്ളു,മടക്കുവാൻ
വയ്യ!—നീ തെററിദ്ധരിയ്ക്കുന്നു ലോകമേ!
അക്കാവ്യജന്തുവിനുള്ളിൽക്കിടപ്പതു
നക്രമാ,ണെന്നിട്ടു,മോമനിയ്ക്കുന്നു നീ.
നിന്നേകനിവൃതിയായതിനെസ്സദാ
വണ്ണിച്ചു വണ്ണിച്ചു പാട്ടുപാടുന്നു നീ.
ആ വിഷവൃക്ഷം തളിത്തുകാണാൻ നിൻെറ
ജീവരക്തംപോലുമപ്പിച്ചിടുന്നു നീ.
ഹോമിച്ചെരിപ്പു നിന്നാത്മാവു നീ,യതിൻ
പ്രേമത്തി,നെന്നാൽ പരിത്യക്തനാണു നീ.



Digitized By Kerala Sahitya Akademi

ആകുമ്രമാകുമക്കൺമുനക്കോണിനായ്
ലോകസിംഹാസനംപോലും ത്യജിപ്പു നീ!
'ഹവ്വ'തൻ രക്താണുവൊന്നും നശിച്ചില്ല
ദ്വാരമാണതിൻ സ്വാധീനവൈഭവം!
എന്തു ഭോഷത്വം!—കഴിഞ്ഞിരുന്നൊന്നു നീ
ചിന്തിച്ചുനോക്കുകെൻ പൂരുഷലോകമേ!

—കണ്ണുചിമ്മിത്തുറന്നീടുന്നതിൻ മുൻപു
നമ്മിലെ നമ്മെ ഗ്രഹിക്കുന്നു നാരിമാർ.
എന്നാ,ലവരെപ്പറ്റിച്ചുവാൻ—വേണ്ട പോ-
ട്ടൊന്നു വീക്ഷിച്ചൂ,നൊരംശമറിയുവാൻ;
ഹൃദ്യമായ്ത്തോന്നുമാച്ചിത്തകാവ്യത്തിലു-
ള്ളാദ്യത്തെ വാക്കിൻെറയർത്ഥം പഠിക്കുവാൻ;
യത്നിച്ചുകൊള്ളു പരശ്ശതം വത്സരം
ഭഗ്നാശരായി മടങ്ങുകേയുള്ളു നാം!
കാണില്ലവരിലവരെ നാം, നമ്മളെ-
ക്കാണിച്ചുവെച്ചു, തപസ്സുചെയ്തീടിലും.
വർണ്ണപ്പകർച്ചയ്ക്കു വൈദഗ്ദ്ധ്യമോന്തിനാ-
ണെന്നാലതിൻെറ കഴിവിനുകൂടിയും,
ഉണ്ടോരറുതിയുമററവു,മായവ
കണ്ടിടാ നാരിതൻ വർണ്ണപ്പകർച്ചയിൽ!
മാത്രയ്ക്കുമാത്രയ്ക്കൊരായിരം വർണ്ണങ്ങൾ
ചാർത്താനവൾക്കുണ്ടൊരത്ഭുതവൈഭവം.
കെട്ടൊട്ടിഴകളഴിയുമ്പൊ,ളുത്തമൽ-
ക്കെട്ടുപിണയും കൊടുംകുടുക്കാണവൾ.



Digitized By Kerala Sahitya Akademi

അത്ഭുതചോദ്യചിഹ്നം രണ്ടുമൊത്തുചേ-
ന്നപ്രാപ്യതതൻ മൃഗതൃഷ്ണയാണവൾ.
സൃഷ്ടികർത്താവി,നബദ്ധത്തി,ലോക്കാതെ
പററിയിട്ടുള്ളകവിഡ്ഢിത്തമാണവൾ—
അങ്കുശമില്ലാത്ത ചാപല്യമേ, മന്നി-
ലംഗനയെന്നു വിളിക്കുന്നു നിന്നെ ഞാൻ!

—നാരികൾ,നാരികൾ!—വിശ്വവിപത്തിന്റെ
നാരായവേരുകൾ, നാരകീയാഗ്നികൾ!
ശാന്തവനഹ്രദംപോലുള്ളതാണവ-
രേന്തുമബലാഹൃദയം, കൃപാമയം
വിണ്ണും, വളർമഴവില്ലും, മരതക-
ക്കുന്നു,മിഴഞ്ഞിഴഞ്ഞെത്തും മുകിൽകളും,
എല്ലാം, പ്രതിഫലിപ്പിക്കു,മാകർഷക-
സച്ച്ലോകശാന്തി വഹിപ്പൂ ജലതലം!
എന്നാ,ലതിലുള്ളിറങ്ങിത്തുടങ്ങിയാ-
ലൊന്ന,ല്ലൊരായിരം, കാണാം വിപത്തുകൾ!
ഉള്ളിൽ,ക്കറങ്ങും ചുഴികൾ, പലേ 'കിനാ-
വള്ളി'കൾ, നാനാകയങ്ങ,ളിമ്മാതിരി,
എത്ര വിപത്സത്വകങ്ങളൊളിച്ചൊളി-
ച്ചെപ്പൊഴും നില്പീലതിന്നന്തരങ്ങളിൽ!
പാവങ്ങ,ളയ്യോ, പുമാന്മാർ—വെറും മര-
പ്പാവകൾ, കൗടില്യമൂർത്തികൾ നാരികൾ!
മോഹിപ്പതുണ്ടു മനശ്ശാന്തിയെങ്കി,ലാ
മോഹിനിമാരിൽനിന്നോടിയൊളിക്കുവിൻ!



Digitized By Kerala Sahitya Akademi

വേണെങ്കിൽ, നിങ്ങൾതൻ സ്നേഹം പകരുവിൻ
ശ്വാനമാർജ്ജാരാദിഗേഹജന്തുക്കളിൽ.
സഞ്ചരിയ്ക്കാം സ്വൈരമായി നിങ്ങൾ,ക്കവ
വഞ്ചിക്കയില്ലൊരു കാലവും നിങ്ങളെ.
എന്നല്ലവയ്ക്കും ഹൃദയമെന്നൊന്നുണ്ടു
തന്നിൽപ്രിയമുള്ളവരെ പ്രിയപ്പെടാൻ.
വിശ്വസിച്ചീടാം വൃകത്തിനെ,പ്പാടില്ല
വിഭ്രമമേകുമി സ്ത്രീയാം മൃഗത്തിനെ!
സർപ്പത്തിനേക്കാൾ വിഷമയം, നിർദ്ദയം
ദർപ്പസമ്പൂർണ്ണ,മടക്കാർക്ക നാരിയെ!

*   *   *

—മല്ലികേ, നിന്നെയിബ്ഭൂമിയ്ക്കു ഭൂഷയാം
സ്വർല്ലോകകന്യകയായിക്കരുതി ഞാൻ.
അന്നെതിരേ നിൻ തനിനിറം കാണുവാൻ
സംഗതിയായ നിമിഷംവരേയ്ക്കു, ഞാൻ,
അല്പവും ശങ്കിച്ചിരുന്നില്ല, നീ, കാള-
സർപ്പമാണെന്ന പരമാർത്ഥ,മോമലേ!
അന്നത്തെ രാവിന്റെ കൂരിരുൾ, ഗൂഢമായ്
നിന്നെ നീയായിട്ടു കാണിച്ചുതന്നു മേ.
ഒട്ടും മനഃപൂർവ്വമല്ല, വിധിവശാൽ
പെട്ടതാണെൻ കണ്ണിലാനിഷിദ്ധോത്സവം.
മിന്നൽക്കൊടിയിൽ, പ്രപഞ്ചം മുഴുവനും
വെണ്ണീറടിക്കുന്ന തീയന്നു കണ്ടു ഞാനല്ല
പൂതനയാണാപ്പുളകമൂർത്തിക്കുന്നു
പൂനിലാക്കാലിലെന്നോർത്തിരുന്നില്ല ഞാൻ.



Digitized By Kerala Sahitya Akademi

പെട്ടെന്നുയർന്ന വികാരപ്പിശാചിന്റെ
മുഷ്ടിയിൽച്ചീറ്റിപ്പുളഞ്ഞു ഗർജ്ജിച്ചഹോ,
മൽക്കുഠാരത്തെ, ഞാൻ, നിർദ്ദയം, നിൻജീവ-
രക്തത്തിനാൽ, സ്വയം ചാർത്തിച്ചു കുങ്കുമം!
പത്രം മുറിഞ്ഞ പതംഗിയേപ്പോലെ, നീ
രക്തത്തിൽ മുങ്ങിപ്പിടക്കുമാക്കാഴ്ചയിൽ,
വീർപ്പുയർന്നീലെൻ മനസ്സി,ലത്രക്കു മേൽ-
ത്തീപ്പൊരി പാറിജ്ജ്വലിച്ചിതെൻ കണ്ണുകൾ!
അന്നു, ഭാഗ്യത്താൽ, വഴുതിയെൻ കൈയിൽനി-
ന്നന്നരകീടൻ, തവ ഗൂഢകാമുകൻ!

കത്തീലെനിക്കൊ,ന്നവന്റെയും ചെഞ്ചുട-
രക്തത്തി,ലെൻ തപ്തരോഷം നനക്കുവാൻ!
പിറ്റേന്നു കൈയിൽ വിലങ്ങുമായ്പ്പോന്നു ഞാ-
നൊറ്റക്കു, കാരാഗൃഹത്തിനതിഥിയായ്!
ചങ്ങലക്കെട്ടാൽത്തഴമ്പു വീണെങ്കിലു-
മിന്നുമശക്തമല്ലീ നീണ്ട പാണികൾ.
ഇന്നും കഴിയും, കുഠാരമൊന്നാ മാറി-
ലുന്നം പിഴക്കാതവയ്ക്കൂട്ടത്താഴ്ത്തുവാൻ!
—എങ്ങു നീ,യെങ്ങു നീ, നിൻനിണച്ചോലയിൽ
മുങ്ങുവാൻ വൈകീയെനി,യ്ക്കെങ്ങു പോയി നീ?
മൽസുഖം, മൽസമാധാന,മെൻ ജീവിതം,
മൽസ്വപ്ന,മാശ, യെന്നേകഭാഗ്യാങ്കുരം,
അയ്യോ, സകലം—സമസ്തവും—ഓർക്കുവാൻ
വയ്യെനി,യ്ക്കെല്ലാന്നോടൊട്ടുക്കിയോനല്ലി, നീ?



Digitized By Kerala Sahitya Akademi

മജ്ജീവരക്തം കുടിച്ചു മദാന്ധനായ്
നൃത്തം നടത്തിയ വേതാളമല്ലി, നീ?
കണ്ണിനമൃതൻപിൽക്കുരുത്തു തളിർത്തൊരു-
ക്കൺമണിക്കാഞ്ചനക്കല്പകത്തയ്യിനെ
നട്ടു,നന,ച്ചോമനിച്ചു, പുഷ്പിപ്പിച്ചു
സസ്പൃഹം കാത്തൊരപ്പാരിജാതത്തിനെ—
വെണ്ണീറടിച്ചി,ട്ടൊഴിഞ്ഞൊളിഞ്ഞങ്ങനെ
മന്ദഹസിച്ചോരിടിമിന്നലല്ലി, നീ?
സദ്രശ്മി പെയ്യുന്നൊരാ വെള്ളിനക്ഷത്രത്തെ-
യെത്തിഗ്രസിച്ചോരു രാഹുവല്ലല്ലി, നീ?
നീയെന്തു സാഹസക്കാരൻ!—അയ്യോ, ചുടു-
തീയിലെൻ ചിത്തം ദഹിപ്പൂ!—മൂർച്ഛിപ്പു ഞാൻ!
ഇന്നു, നിൻരക്തം തളിച്ചു കെടുത്തണ-
മെന്നിലുള്ളഗ്നിസ്ഫുലിംഗസമ്മേളനം!

—ആ രഹസ്യോന്മദം!—നീയും, കൊടുംചതി-
ക്കാരനാം നിൻ്റെ കുലക്കലാപ്രേമസിദ്ധിയും!
നിങ്ങളെപ്പോലുള്ള ദുഷ്ടകലാകാരരാ-
ണിങ്ങെഴും സന്മാർഗ്ഗബോധം മുടിച്ചവർ!
കൃത്രിമംപോൽ സദാചാരം!—മൃഗത്തിലും
കഷ്ടമാണീ വെറും കാമക്കഴുകുകൾ!
അത്രമേൽ സ്വാർത്ഥികൾ നിങ്ങൾ, നിങ്ങൾക്കില്ല
മററുള്ളവരെക്കുറിച്ചൊരു ചിന്തയും.
പ്രേമം പുകഴ്ത്തും, പ്രസംഗിക്കു,മെന്നിട്ടു
കാമത്തഴപ്പിൽത്തമസ്സിലുഴന്നിടും.



Digitized By Kerala Sahitya Akademi

ഹന്ത, യമ്മട്ടെഴും നിങ്ങൾതൻ സൃഷ്ടികൾ -
ക്കെന്തർത്ഥമുണ്ട്?— വെറും വെറും കൈതവം!
സ്വപ്നവിഹാരികൾ നിങ്ങൾ കാണുംപോലെ
പുഷ്പം പൊതിഞ്ഞതല്ലീ ലോകജ്ജീവിതം.
ദാമ്പത്യ,മാക്കന്യകാത്വത്തിനേപ്പോലെ
പൂമ്പാററയല്ലാ, പുറകേക്കുതിക്കുവാൻ!
ഉണ്ടതിനല്പം ഘന,മാത്മശുദ്ധിതൻ
ചെണ്ടണിയിച്ചതെടുത്തു പൂജിക്കണം.
സാന്മാർഗ്ഗികത്വം വിഴുങ്ങിത്തടിക്കുന്ന
കാമപ്രലാപം കലയല്ലൊരിക്കലും.
കൃത്രിമം ഗാർഹികബന്ധമെന്നൂക്കോടെ-
യട്ടഹസിക്കുന്ന നിങ്ങ,ളത്യുഗ്രമായ്,
വാളിളക്കും, തല കൊയ്തിടും, നിങ്ങൾത-
ന്നാലയാന്തത്തിലേക്കുക്ഷി പായിക്കുകിൽ!
ഹാ, വിഷജന്തുക്കൾ, നിങ്ങൾ, കലോത്സുകർ,
തേവിടിശ്ശിത്തെരുവാക്കുന്നു പാരിനെ!
സമ്മതിക്കില്ല ഞാനിന്നിമേൽ നിന്നെയി-
ദ്ദുർമ്മാർഗ്ഗമീവിധം വീണ്ടും തുടരുവാൻ.
പ്രാണദണ്ഡം സഹിക്കാതെ നീയെൻ മുന്നിൽ
വീണു കൈകാലിട്ടടിച്ചു പിടയ്ക്കണം.
സ്വന്തഹൃദ്രക്തത്തിൽ മുങ്ങിക്കുളിച്ചു നീ
നൊന്തുനൊന്തല്പാല്പമായി മരിക്കണം.
ആ മരണം നോക്കിനോക്കി നിന്നങ്ങനെ
കോൾമയിർക്കൊണ്ടെനിക്കാശ്വസിച്ചിടണം.



Digitized By Kerala Sahitya Akademi

മൽപ്രതീകാരാഗ്നിയാവിധം നിൻജീവ-
രക്തവർഷംകൊണ്ടു കെട്ടടങ്ങീടണം.

—പാതിരേ, വേഗം വരൂ വരൂ, കൂരിരുൾ-
ച്ചാറ പിളർന്നു നീ,യാകാരഭീകരേ!
നിഹതനീരദവ്രാതാസിതാംബരേ
ചന്ദ്രലേഖോദ്യൽസിതോഗ്രദംഷ്ട്രാങ്കുരേ!
താരാസ്ഥിമാലാനിബദ്ധകളേബരേ
പോരു നീ പാതിരേ,യാകാരഭീകരേ!
ഈ മഹാഘോരവൃത്താന്ത്യരംഗത്തിനെ-
ന്നോമൽപ്രപഞ്ചമേ, നീ സാക്ഷിനില്ക്കണേ!
എത്ര നിസ്സാരം കൊലപാതകം—മിനി-
യിത്തരം മററൊന്നിലുൾപ്പെടുകില്ല ഞാൻ.
ഇന്നോടെ പൂർണ്ണവിരാമമിട്ടീടുവ-
നെന്നേയ്ക്കുമാ,യിപ്രചോദനത്തിന്നു ഞാൻ!
രക്തം, വിഷമയരക്തം, തിളയ്ക്കുന്ന
രക്തം!—വരുന്നു, വരുന്നു, വരുന്നു ഞാൻ.

18—6—1110

## കഞ്ചാവിൻെറ ചിറകുകളിൽ

അജ്ഞാതാ കിരണങ്ങൾ
പൊടിപ്പൂ തമസ്സിൻെറ
മങ്ങലിൽ— ച്ചിരിയ്ക്കുന്നു
വെറുതേ നക്ഷത്രങ്ങൾ!



Digitized By Kerala Sahitya Akademi

എന്തൊരു ഭാരമാണെൻ
    ശിരസ്സി?— നനങ്ങിയാൽ
ച്ചിന്തകൾ താഴത്തു വീ-
    ണെങ്ങാനും തകന്നാലോ!
അല്ല, ഞാൻ നടക്കുക-
    യല്ലല്ലോ, ചിറകുക-
ളില്ലാതെ പറക്കുക-
    യാണല്ലോ വിഹായസ്സിൽ!
നിശ്ചയ,മിതുതന്നെ
    നിവൃതി!— പക്ഷ, പുറവും
നിജ്ജനനഭസ്സാണു—
    വീണുപോയാലോ, ഹാ, ഞാൻ!
വീണാലും വീഴില്ല ഞാൻ
    കാൽകുത്തി നില്ക്കും, മണി-
വീണയും മീട്ടിക്കൊണ്ടെൻ
    'ശാരി'യും ചാരെക്കാണും
മത്സിരകളിലെല്ലാ-
    മങ്ങോട്ടുമിങ്ങോട്ടു,മെ-
ന്നുത്സാഹപൂർവ്വമോടി-
    ക്കളിപ്പൂ നക്ഷത്രങ്ങൾ!
ഒന്നുമേ വരാനി,ല്ലെൻ
    കൈപ്പടം കുത്തിപ്പിള-
ന്നൊന്നിനെപ്പിടികൂടി-
    ക്കൂട്ടിലിട്ടടയ്ക്കും ഞാൻ!



Digitized By Kerala Sahitya Akademi

കഷ്ടമു,ണ്ടെന്തിന്നിനി-
    യാ മഹാപാപംകൂടി-
ക്കെട്ടിവെയ്ക്കുന്നു കാര്യ-
    മില്ലാതെൻ ശിരസ്സിൽ ഞാൻ?

നഷ്ടമില്ലെനിയ്ക്കൊന്നു,-
    മെന്നുള്ളി,ലേവം,നിങ്ങ-
ളിഷ്ടംപോൽക്കുത്താടിക്കൊൾ-
    കോമനത്താരങ്ങളേ!

രണ്ട്

മത്സരം! — പ്രപഞ്ചത്തിൽ-
    ജ്ജീവിതം വെറുമൊരു
മത്സരം! — പക്ഷേ, പണ്ടേ
    ജയിച്ചുകഴിഞ്ഞോൻ ഞാൻ!

അയ്യയ്യോ, ജയിച്ചെന്നോ? —
    ജയിച്ചി,ല്ലെനിയ്ക്കൊന്നും
വയ്യ, ഞാനവശനാ-
    ണിപ്പോഴും പരാജിതൻ!

ലഹരിയ്ക്കടിമ ഞാ-
    നെൻെറ ജീവിതപുഷ്പം
സ്പൃഹയാ കരളുന്നു,
    കഞ്ചാവും മദ്യങ്ങളും!



Digitized By Kerala Sahitya Akademi

രണ്ടരഡ്രാമിന്നൊരു
  ചക്രമി,ല്ലരക്കുടി-
ക്കൊണ്ടുവന്നിടാനതാ-
  ണോതിയത,ല്ലെന്നാകിൽ,
പുറകേ ചെന്നെത്തിയി-
  പ്പുക,യാച്ചാരായത്തെ
വെറുതേ പുച്ഛിയ്ക്കില്ലേ?—
  പാടുണ്ടോ പക്ഷാഭേദം!
നിശ്ചയ,മിനിമേലിൽ-
  ത്തൊടുകി—ല്ലല്ലെങ്കിൽ വേ-
ണ്ടിച്ചുരുട്ടിയ ബീഡി
  ചുമ്മാതെ കളഞ്ഞാലോ!!
എങ്കിലു,മൊരിയ്ക്കൽ ഞാൻ
  സർവ്വവുമുപേക്ഷിയ്ക്കും
ശങ്കയില്ലെനിയ്ക്കു, ഞാൻ
  സന്ന്യാസിയായിത്തീരും!
ശാരിയോ?—പോട്ടേ പു,ല്ലാ-
  ത്തേവിടിശ്ശിയെ, വെറും,
നാറിയ പഴന്തുണി-
  പോലെ, ഞാൻ ദൂരെത്തള്ളും!
പെണ്ണെന്നൊരെണ്ണത്തിനെ-
  സ്സൃഷ്ടിയ്ക്കാതിരുന്നെങ്കിൽ
നിർണ്ണയം, പണ്ടേ, ലോകം
  സ്വർഗ്ഗമായ്ക്കഴിഞ്ഞേനേ!



Digitized By Kerala Sahitya Akademi

അവ,ളെന്നാലും, സ്നേഹ-
മുള്ളൊരു പെണ്ണാ,ണെന്റെ
ശിവനേ, സൗന്ദര്യമോ?—
രതിയും തല താഴ്ത്തും!
സൗന്ദര്യം!—ഹാ, സൗന്ദര്യം!—
പുഴുക്കൾക്കുണ്ണിന്നുള്ള
സൗന്ദര്യം!—യഥാർത്ഥത്തിൽ
നാടകംതന്നേ ലോകം!
ജീവിതം, ത്രസിക്കുന്ന
ബുദ്ബുദം, വെറും സ്വപ്നം!
കേവലം ചലം ദേഹം!—
ദേഹിയോ, നിത്യം സത്യം!
മലിനം മജ്ജാരക്ത-
മാംസനിർമ്മിതം ഗാത്രം
മഹിതം, പൂതം, ദേഹി
സച്ചിദാനന്ദാത്മകം!
മൂലാധാരത്തിങ്കൽ നി-
ന്നുയർന്നു... [ഘ്ലും... ഘ്ലും] പുര-
മൂല,മക്കഫക്കെട്ടു
തടയുന്നല്ലോ ശ്വാസം!
സന്ന്യസിക്കും ഞാ,നിനി-
സ്സംശയമില്ലെൻ ജന്മ-
മന്ന്യന്മാർക്കുപകാര-
പ്രദമാക്കുവാൻ നോക്കും!



Digitized By Kerala Sahitya Akademi

'ഗീത' വാങ്ങിയ്ക്കും!— പുക
    ശരിയ്ക്കു വരുന്നി,ല്ലി-
പ്പുതച്ച 'മരുന്ന'ല്ലാ-
    തില്ലിപ്പോൾക്കടകളിൽ!

ശാരിതൻ പടിവാതിൽ
    കഴിഞ്ഞോ?— കാണാൻ വയ്യ;
ക്കുരിരുൾ, തീപ്പെട്ടിക്കോ-
    ലുരച്ചു നോക്കട്ടേ, ഞാൻ!!...

* * *

മൂന്നു്

എന്തബദ്ധ,മെൻ ശാരി
    വേശ്യയെന്നോ ഞാൻ ചൊന്ന-
തന്തസ്സിൻ കാമ്പാണവ-
    ളാത്മശുദ്ധിതൻ സത്തം!

പണമില്ലിന്നെൻ കൈയി-
    ലെന്നോർത്തി,ട്ടാര്യം, പാവം,
പനിയാണെന്നെന്നോട
    പറഞ്ഞു, പച്ചക്കള്ളം.

ഉടനേ, വെള്ളിത്തുട്ടിൻ
    ചടുലരധണനൽക്കാരം
സ്ഫുടമായ്ക്കേട്ടപ്പൊഴേ-
    ക്കാ മുഖം വികസിച്ചു.



Digitized By Kerala Sahitya Akademi

## കഞ്ചാവിന്റെ ചിറകുകളിൽ

മഴവില്ലൊളി വീശി,
മേഘഗർജ്ജനം കേട്ട
മയിലിൻ പീലിക്കൊപ്പ-
മാ മുഖം വികസിച്ചു.

പതിദേവതമാർതൻ
ശുദ്ധചിത്തത്തേപ്പോലും
പതറിക്കുവാൻ പോന്ന
പണമേ, നിന്നെക്കണ്ടാൽ,

ഉലകിൽ, സാധാരണ-
ക്കാരികൾതൻകാര്യമെ-
ന്തുരചെയ്യുവാൻ?—ദേവ-
നാരിയല്ലല്ലോ, ശാരി!

കഥയില്ലവൾക്കൊട്ടും,
പെണ്ണല്ലേ, പാവത്തോട്
കലഹിക്കുവാനുണ്ടോ
പിച്ചനി,ക്കയ്യോ കഷ്ടം!

എന്നാലും, സ്നേഹമെന്നോ-
ട്ടുണ്ടവൾക്കു,വൾ പെയ്ക
കണ്ണുനീർ കണ്ടിട്ടെന്റെ
ഹൃദയം ദ്രവിച്ചുപോയ്!

* * *



Digitized By Kerala Sahitya Akademi

പൊന്നലിഞ്ഞൊലിക്കുമീ
നഗ്നമാ മുടൽവല്ലി-
യെൻ മാറിൽപ്പറ്റിച്ചേർന്നു
വിശ്രമം നുകരുമ്പോൾ,

ഈ ലോലനീലാളക-
ച്ചുരുളോരോന്നായ് മാടി
ലീലയാലൊതുക്കിക്കൊ-
ണ്ടിങ്ങനെ കിടക്കുമ്പോൾ,

ശ്ലഥശൈവലമാലാ-
കബരീധാരാശ്ലിഷ്ട-
പ്രഥുലനിതംബത്തെ-
ത്തടവിത്തരിക്കുമ്പോൾ,

ഇതുതാ,നിതുതാനെൻ
സായൂജ്യം!... ... ...
[“ദുഷ്ടേ, ഹാ, നീ
ചതിച്ചു, വിടില്ല ഞാൻ
രക്തരക്ഷസ്സേ, നിന്നെ!...”]

(‘എന്തൊരു പിച്ചാണിതു?
മിണ്ടല്ലേ!... ...’)
[“വാ പൊത്തുന്ന-
തെന്തിനു?—കൈ മാറ്റൂ, ഞാൻ
ദുസ്സ്വപ്നം കണ്ടു, ശാരി!



Digitized By Kerala Sahitya Akademi

തലയിൽക്കുരുത്ത രണ്ടു-
കൊമ്പുകളെഴു,മോരോ
മലവേടന്മാ,രെന്നെ-
ക്കൊല്ലുവാനടുത്തെത്തി.

അവരും ഞാനും തമ്മിൽ
മല്ലടിയ്ക്കുമ്പോഴും, കാണാ-
യവിടെ,ക്കണ്ടാൽ ഞെട്ടി-
പ്പോമൊരു കാട്ടാളത്തി.

കൊന്നുചിഴ്ത്തി ഞാനെല്ലാ-
പേരെയു,മവൾമാത്രം
പിന്നെയും ജീവൻകിട്ടി-
പ്പൊങ്ങി!—ഞാനെന്തോ ചൊല്ലി.

ഒരു ചുംബനം!—നാളെ-
ക്കാവിമുണ്ടുടുക്കും ഞാ-
നരുതെന്നെന്നോടു നീ
വിലക്കാൻ വന്നേയ്ക്കല്ലേ!”]

(“ഭ്രാന്താണി,തെഴുന്നേല്ക്കു,
പൊയ്ക്കോളൂ!......”)
[“നോക്കൂ, ശാരി,
പൂന്തിങ്കളുയരുന്നൂ,
പൂനിലാവൊഴുകുന്നു!!......”]

* * *



Digitized By Kerala Sahitya Akademi

നാല്

ദൈവ,മെന്നൊരാളുണ്ട്,
　　നിശ്ചയ,മാ ദൈവത്തിൻ
കൈവേലത്തരങ്ങളാ-
　　ണിച്ചരാചരമെല്ലാം!

സ്വർഗ്ഗത്തിൽക്കാണും നല്ല
　　രസികൻ കഞ്ചാവു, ഞാ-
നല്ല,മാ ദൈവം കാണാ,-
　　തവിടെച്ചെന്നാൽ,ക്കഷ്ടം!

സർവ്വവ്യാപിയാ,ണെങ്ങാൻ
　　കണ്ടാലോ?— കണ്ടാൽത്തന്നെ
നിർവ്വികാരനുമല്ലേ,
　　ഗർവ്വു തോന്നുമോ പിന്നെ?

അല്ലെങ്കിൽക്കഞ്ചാവാരു
　　വലിയ്ക്കും?—തീരെത്തൊട്ടി-
ട്ടില്ല ഞാനിന്നോള,മെ-
　　ന്തെൻതല ചുററുന്നല്ലോ!

അരുതാതാകുന്നു കാൽ
　　മുന്നോട്ടു വെയ്ക്കാൻ, ലോക-
മുരുളുന്നിതെൻ മുന്നിൽ!—
　　ഞാൻമാത്രം നേരേ നില്പൂ!



Digitized By Kerala Sahitya Akademi

ഇരിക്കാം തെല്ലീ മര-
ച്ചോട്ടിലൊന്നിനി—യല്ലാ!
ചെരിപ്പും കുടയും ഞാ-
നെടുക്കാൻ മറന്നല്ലോ!

ശാരിതൻ വീട്ടിലാണു,
രണ്ടു നാഴികയോളം
ദൂരമു,ണ്ടതിനി
നടക്കാൻ, നാളെപ്പോകാം!

എന്തിനല്ലെങ്കിൽപ്പോണം
നാളെ?—ഞാൻ നാളെത്തന്നെ-
സ്സന്ത്യജിച്ചെല്ലാം, പോകും
സന്ന്യാസിയായിക്കാട്ടിൽ!

എന്തിനു സന്ന്യാസിക്കു
കുടയും ചെരിപ്പും?—ഞാൻ
ചിന്തിച്ചീലത്രത്തോളം!—
വേണ്ടെനിക്കൊന്നും വേണ്ട!

അഞ്ച്

പുളകം, മരങ്ങൾക്കും
പൂനിലാവിനും മഞ്ഞിൽ-
പ്പുളകം!—കുടുകുടെ
വിയർത്തു മുങ്ങുന്നു ഞാൻ!



Digitized By Kerala Sahitya Akademi

അപരാധികൾ

എന്നാത്മാവെവിടെക്കോ
താഴുന്നു, നക്ഷത്രങ്ങ–
ളൊന്നുമില്ലെന്നിൽ, വെറും
ശൂന്യതയാണെൻമുന്നിൽ!

ഉറക്കം വരുന്നു,ണ്ടെൻ
കണ്ണടയുന്നീലെന്നാ–
ലുറക്കെക്കരയും ഞാൻ
വാവിട്ടു കരയും ഞാൻ!

നാവനങ്ങുന്നീലെന്നാൽ,–
ത്തൊണ്ടയിൽ ജ്ജലമി,ല്ലെൻ
ജീവനിലാരീ മൊട്ടു–
സൂചികൾ തറയ്ക്കുന്നോ?

നിഴലാട്ടങ്ങൾ! — വെറും
ശൂന്യത! — വീണ്ടും ചില
നിഴലാട്ടങ്ങൾ! — നീണ്ട
ശൂന്യത പേർത്തും മുന്നിൽ!

തൈമിന്നാമിനുങ്ങുക–
ളിരുട്ടു! — നക്ഷത്രങ്ങൾ! —
വൈമാനികന്മാർ! — ചെന്തീ–
പ്പന്തങ്ങൾ! — പൂക്കറ്റികൾ!

അടുപ്പിൽ,ത്തൈലം താവി–
പ്പഴുത്ത ചീനച്ചട്ടി–
ക്കകത്തിട്ടിടും കൊച്ചു
കടുകുമണിയ്ക്കൊപ്പം,



Digitized By Kerala Sahitya Akademi

അയ്യയ്യോ, പൊട്ടും തെറി-
ച്ചെൻകര,ളെനിയ്ക്കൊന്നും
വയ്യ,എൻെറ ശാരീ, വരൂ,
സന്യാസിയാവില്ലാ ഞാൻ!
എവിടേ വെള്ളം?—വെടി-
ക്കെട്ടുകൾ!—തെറിയ്ക്കുന്നൂ
ശിവനേ, നക്ഷത്രങ്ങൾ!—
ശൂന്യത വീണ്ടും മുന്നിൽ!
സർപ്പങ്ങൾ!—അമ്മേ, വെള്ളം!—
ചിറകുണ്ടെനി,യ്ക്കയ്യോ,
സർപ്പങ്ങൾ!—നിഴലുകൾ!—
വേദന!—വെള്ളം, വെള്ളം!!

12—11—1115.

## തപ്തസന്ദേശം

ഹൃദയേശ്വര, തപ്തചിന്തയാൽ
സതതം വെന്തുരുകുന്നൊരെൻ മനം,
അപഥങ്ങളെയാശ്രയിയ്ക്കി,ലെ-
ന്നപരാധം സദയം ക്ഷമിയ്ക്കണേ!

കലിതോന്മദഭാഗ്യവല്ലിയിൽ-
ക്കനകപ്പൂക്കൾ വിരിഞ്ഞ നാളുകൾ,
ജലനിർഝരബുദ്ബുദങ്ങൾ പോൽ
നിലനില്ക്കാതെ മറഞ്ഞുപോയിതേ.



Digitized By Kerala Sahitya Akademi

പ്രണയാമൃതമാസ്വദിക്കുവാ-
നണയും മത്തമനോമരാളകം,
വിനതൻ വിഷലിപ്തമാം കൊടും
കണയേറ്റേറ്റുപിടപ്പു ദാരുണം.

അതിലത്ഭുതമെന്തു?— ലോകമാ-
ണിതു, കാണാം പരിണാമമെന്തിലും,
സ്ഥിതി സുസ്ഥിരമല്ലയൊന്നിനും
മതി, പിന്നെന്തിനതിൽ പഴിക്കണം?

വിധിപോലെ വരും സമസ്തവും
വിഫലം നമ്മുടെയാത്മകാമിതം.
വിലപിപ്പതിലർത്ഥമില്ല—ഹാ,
വിഷമംതന്നെ മനുഷ്യജീവിതം.

ഇവ തത്ത്വവിചിന്തമാത്രമാ-
ണിവയാലെന്തുപശാന്തി നേടുവാൻ?
ഇതുമട്ടരിയാതിരിക്കുവാ-
നിടയില്ലല്പവുമെൻ മനം, വിഭോ!

ഒരു കാലമമൂല്യനിർവൃതി-
ക്കുറവാ,യോളമടിച്ച ജീവിതം,
മരുഭൂമിയിലെത്തി,യീവിധം
വരളും കാഴ്ചയിതെത്ര ദുസ്സഹം!



Digitized By Kerala Sahitya Akademi

പ്രണയം തളിരിട്ടു, ശാന്തിയാൽ
നിതരാം പച്ചപിടിച്ച യൗവനം,
അതുലോത്സവരമ്യരംഗമെ-
ന്നഭിമാനത്തൊടഹങ്കരിച്ചു ഞാൻ.

സതതം നവനർമ്മസൂക്തിയാൽ
സരസോല്ലാസമിയന്ന വിഭ്രമം,
സ്മൃതിതൻ മുകുരത്തി,ലിപ്പൊഴും
പ്രതിബിംബിച്ചിത കാൺമു മോഹനം!

ഹൃദയം ഹൃദയത്തെയുമ്മവെ-
ച്ചുതിരും മംഗളരാഗമർമ്മരം,
സ്മൃതിതൻകുളിർകഞ്ചുകത്തിൽനി-
ന്നുദിതാമോദമുണർന്നു കേൾപ്പു ഞാൻ.

പരകോടികൾ പാവനങ്ങളാം
പരമപ്രേമസുഖാനുഭൂതികൾ
പരിചാരകരായ് ലസിച്ചൊരാ-
പ്പുരിചേലും സുദിനങ്ങളെങ്ങുപോയ്?

മുകളിൽത്തെളിവാർന്നു, മുഗ്ദ്ധവെൺ-
മുകിലങ്ങിങ്ങലയുന്ന വാനവും,
അടിയിൽ,ത്തൃണരാശി പച്ചയാ-
മുടുപാവാട വിരിച്ച ഭൂമിയും;



Digitized By Kerala Sahitya Akademi

മലർച്ചൂടി മദാകുലാലസം
തലയാട്ടും തരുസഞ്ചയങ്ങളും,
അലഘുദ്യുതിയാർന്നതാം പലേ
മലയും, ചോലകളും, വനങ്ങളും;—

ഇവയൊക്കെയുമൊന്നുപോൽ നവോ-
ത്സവമന്നേകിയനുഗ്രഹിക്കയാൽ,
മധുരിച്ചു വിചാരഗൌരവം
മഷിതേക്കാത്ത മദീയജീവിതം.

പ്രണയം സുഖമാണു, നേർവഴി-
ക്കൊഴുകിപ്പോവുകി,ലല്ലയെങ്കിലോ,
അതുപോലൊരു തീവ്രസങ്കടം
വരുവാനില്ല ജഗത്തിലൊന്നുമേ.

ഹൃദയത്തളിർ മൂത്തുമൂത്തു പ-
ച്ചിലയായ്ത്തീരുവതിന്നു മുൻപഹോ,
ഗതിയെ,ന്തതു വൻനിരാശയാം
പുഴ വന്നങ്ങു കരണ്ടുതിന്നുകിൽ?

കരയാതെ കഴിച്ചുകൂട്ടിടാം
പുറമേ പൂർണ്ണസുഖം നടിച്ചിടാം,
ശരി,യെങ്കിലു,മൊന്നു പൊട്ടിയേ
മതിയാകൂ കദനാഗ്നിപർവ്വതം!



Digitized By Kerala Sahitya Akademi

അവിചാരിതമായ് വരുന്നൊരീ
വ്യതിയാനം വ്യതിരിക്തഭാഷയിൽ,
പറയാമിനിയും പ്രതീക്ഷതൻ
പടിവാതില്ക്കൽ മുഷിഞ്ഞു നില്ക്കുവാൻ.

പരരെപ്പൊഴുമാഞ്ഞെറിഞ്ഞിടും
പരിഹാസം സകലം സഹിച്ചിടാം,
പഴുതേ തവ വൈരമാണഹോ
പരമാർത്ഥത്തി,ലെനിക്കു ദുസ്സഹം.

കുളിർ കോരിയണിഞ്ഞ ചെമ്പനീർ
മുകുളംപോലെ വിടർന്ന യൗവനം
ഹൃദയേശ, ഭവാനു നല്കിയ-
ന്നതിനുള്ളോരമൃതാങ്കിതോത്സവം.

ലളിതേന്ദു ചിരിച്ചു, പൂനിലാ-
വലതല്ലും ശിശിരാന്തരാത്രികൾ,
നിജപുഷ്കലപുഷ്പശോഭയാൽ
രജതപ്പട്ടു വിരിച്ച മുല്ലകൾ;

മലയാനില ചാലിതാമലോ-
ജ്ജ്വലമന്ദാരനികുഞ്ജവീഥികൾ,
കലഹോത്സവസാന്ദ്രരാഗസ-
ങ്കലിതേകാന്തവികാരവീചികൾ;



Digitized By Kerala Sahitya Akademi

അകലത്തിണയെപ്പിരിഞ്ഞൊരു-
ന്നതിദീനം കരയുന്ന രാക്കുയിൽ,
അരികത്തു ഭവാൻ!—മറക്കവാ-
നരുതാ രംഗമെനിക്കൊരിക്കലും!

അവയൊക്കെ മറന്നു, വീണ്ടുമൊ-
ന്നണയില്ലായതിലൊന്നുപോലുമേ;
അവതൻ ചിറകിൻെറ കീഴമ-
ന്നകലത്തായ് മമ ഭാഗധേയവും!

ചില കാലടിയൊച്ചയാൽ, സ്വയം
ചിതറിപ്പോയ കിനാവുപോലവേ,
മറവായൊരു മായികക്കണ്ണോ-
ന്മദമാന്നിയനുരാഗബുദ്ബുദം!

പുളകങ്ങൾ കിളുത്തിരുന്നൊരാ-
പ്പുതുനിർവ്വാണദപുഷ്പവൃഷ്ടിയിൽ
ഇതു മാതിരി മുങ്ങിനില്ക്കുവാ-
നിടയാകില്ലിനിമേലൊരിക്കലും!

പ്രണയം മഴവില്ലു വീശിയാൽ
മയിലാട്ടത്തിനിരുന്ന മാനസം,
ഇതുപോ,ലൊടുവിൽ, സഹിക്കണം
കഠനത്തിൻെറ കഠോരദംശനം.



Digitized By Kerala Sahitya Akademi

നിയമങ്ങളെ വെച്ച്, ലോകമേ,
നിയതം കൊള്ളകൾ ചെയ്കയാണു നീ;
നിരുപിയ്ക്കുകിലർത്ഥമില്ല, നിൻ
നിരാഘാടശ്വചസ്സിനൊന്നുമേ.

ഒരുപോതൊരു ഭാവമെങ്കിലോ
പരമന്യം, പരമന്യ,മാകയാൽ,
അരുതിന്നിഹ നിൻ യഥാർത്ഥമാം
നിറമെന്തെന്നു മനസ്സിലാക്കുവാൻ.

സമുദായമധഃപതിച്ചു, ഹാ,
സഹതാപം കുറവായി നമ്മളിൽ
സഹജോത്സൃതരക്തധാരയിൽ
സലിലക്രീഡ തുടങ്ങിയിന്നു നാം!

പരതന്ത്രതയോടനാമയം
പടവെട്ടിക്കൊടി നട്ട പൂരുഷൻ,
പറയുന്നിതു നാരിയോടു:—"മൽ-
പ്പുരിചയ്യക്കു പിറന്നതാണു നീ!"

'അബലാ ചപലേ'തിയന്ധമാ-
മപഹാസപ്പട്ടകുണ്ടിലാഴ്ത്തിയേ,
അവളോടവനാകയുള്ളു ത-
ന്നധികാരായുധമാഞ്ഞുവീശുവാൻ!



Digitized By Kerala Sahitya Akademi

പുരുഷൻ, സുഖലോലുപൻ, വൃഥാ
പറയുന്നു പഴിയേറെ നാരിയെ
ശതവത്സരമെത്ര പോയി, തൽ-
ക്ഷമയിന്നും കുറയാത്തതത്ഭുതം!

പ്രതിരാഗപരാജയത്തിനാ-
ലിതിൽനിന്നൊന്നു മനസ്സിലാക്കി ഞാൻ:
ഹൃദയാർദ്രത നാശമാണു, വൻ-
ചതികൊണ്ടേ ജയമുള്ളു ഭൂമിയിൽ!

അപരിഷ്കൃതയെങ്കിലും, വരു-
ന്നപമാനത്തിലധീരയാണു ഞാൻ
അതിനാൽ മരണം വരിപ്പൂ,ലെ-
ന്നപരാധം സദയം ക്ഷമിക്കുണേ!

മമ ജീവിതഭാഗ്യവൃത്തിതൻ
മകുടത്തിൻെറ മയൂഖമാലകൾ,
മഴവില്ലു വരച്ചു മാ,ച്ചതാ
മറയുന്നു, മറയുന്നു സർവ്വവും!

മമ ബന്ധുജനങ്ങളേ, ലസ-
ന്മമതോല്ലസന്മധുനിർഝരങ്ങളേ,
ഇതുമാതിരി വേർപിരിഞ്ഞിടാ-
നിടയായ്, കഷ്ട,മെനിക്കു നിങ്ങളെ!



Digitized By Kerala Sahitya Akademi

കമനിച്ചു വിഷം, സുഖോത്തുവാം
കമിതാവിന്നു വികാരശാന്തിയും!
മമ സാഹസകൃത്യമിന്നിതിൽ
സമുദായം പറയേണമുത്തരം.

*　　　*

ഇനി ഞാൻ വിരമിച്ചിടട്ടെ,യെൻ
മനമേതാണ്ടൊരു 'ചൂള'പോലെയായ്
ഇനി ഞാൻ പൊഴിയില്ല മേലി,ലീ-
പ്രണയത്തിൻ ദയനീയഗദ്ഗദം.

ഇതു കിട്ടുവതിന്നു മുൻപി,ലെൻ
ഹൃദയസ്പന്ദനമൊക്കെ നിന്നുപോം
അതിനെന്തു?— ജഗത്തിനെന്തിനി-
പ്പതറിപ്പോയൊരപസ്വരം, വിഭോ?

സദയം വിടനല്കു,കോക്കി-
ച്ചിതയിൽപ്പെട്ടെരിയും ജഡത്തിനെ.
അതു നാളെയുഴക്ക ചാര,— മെൻ
ഹൃദയാധീശ, ഭവാനു മംഗളം!!......

18—2—1110.



Digitized By Kerala Sahitya Akademi

## ഏങ്ങനെയോ, അങ്ങനെ!

(തിരുവനന്തപുരം ആർട്സ് കോളേജ് മലയാളസമാജത്തി
ന്റെ വാഷികയോഗത്തിൽ വായിച്ച ഒരു വിനോദകവിത)

ഇരിയ്ക്കുന്നു കവിതയെ-
　　ന്നെഴുതുവാനുറച്ചുകൊ-
ണ്ടൊരു, കൈയില്ലാത്ത
　　ചൂരൽക്കസേരയിൽ ഞാൻ.
ചുററുപാടും നോക്കിടട്ടേ
　　കാൺമതൊക്കെപ്പകത്തട്ടേ
ചെററു യഥാതഥവൃത്തം
　　പടച്ചീടട്ടേ.

ഒരു മേശപ്പുറത്താണെൻ
　　വെളുവെള്ളക്കടലാസു-
മുറവുപേനയു,മൊത്തു
　　കിടപ്പതിപ്പോൾ.
അവയ്ക്കു കൂട്ടിനെന്നോണ-
　　മനവധി പുസ്തകങ്ങ-
ളുടക്കില്ലാതമരുന്നു
　　ചിതറിച്ചുററും.
അല്പംപൊട്ടിയഗ്രഭാഗ-
　　മടന്ന ചിമ്മിനിയേന്തും
കുപ്പിമണ്ണെണ്ണവിളക്കൊ-
　　ന്നുണ്ടിതാ മുന്നിൽ.



Digitized By Kerala Sahitya Akademi

ചിമ്മിനിയ്ക്കക,ത്തന്നെപ്പോൽ-
ച്ചുടരെഴും,ഒരു ചെറുദീപം
വിമ്മി വിമ്മി ജ്വലിക്കുന്നു
പൊങ്ങിയും താഴ്ന്നും.

അതിൻചുററുമിടയ്ക്കിടെ-
പ്പറന്നു വന്നണയുന്നു-
ണ്ടലഞ്ഞലഞ്ഞാരോ കൊച്ചു-
പൂച്ചിപ്രാണികൾ.

ചിറകുകൾ കരിഞ്ഞതാ
സിദ്ധികൂടുന്നുണ്ടവയിൽ
ചില—തഴ്യാ, മൂട്ടയൊന്നു
കടിച്ചുതെന്നേ!

പിടഞ്ഞുടനെഴുന്നേററു
പല്ലൊരല്പമിളിച്ചുകൊ-
ണ്ടിടംകൈയാൽ, പൃഷ്ഠം, നിന്നു
ചൊറിയുന്നു ഞാൻ.

പേന മേശപ്പുറത്തിട്ടു
വലംകൈയിൽ വിളക്കെട്ടു-
ത്താനമിച്ചു ശിരസ്സു ഞാൻ.
മൂട്ടയെ നോക്കാൻ.

അതാ കള്ളനതാ കള്ള-
നവനോടിയൊളിയ്ക്കയാ-
ണവന്റെ ജീവനുംകൊ-
ണ്ടതിവേഗത്തിൽ.



Digitized By Kerala Sahitya Akademi

പണ്ടിയവൻ ചൂരലിന്റെ
വിള്ളലൊന്നിൽ നിഷ്പ്രയാസ-
മെമ്മേക്ലാസിൽ പഠിക്കും ഞാ-
നിളിഭ്യനായി!

തക്കമവനെപ്പോഴൊക്കെ-
ക്കിട്ടുമപ്പോഴെല്ലാ, മവൻ
സല്ക്കരിക്കു പതിവാണാ-
ക്കടിയാലെന്നെ.

മൂട്ടയേയും കാത്തിരുന്നാൽ-
ക്കാവ്യലക്ഷ്മിയവൾ വന്ന-
പാട്ടിനെങ്ങാൻ കടന്നാലോ—
മടങ്ങട്ടെ ഞാൻ.

ചെററയും, പുകയിലയു-
മടക്കയു,മുണങ്ങിയ-
ചെററുചുണ്ണാമ്പു, മെൻമേശ-
പ്പുറത്തിരിപ്പൂ.

ദിവസവും സേവിക്കുവാ-
നൊരു വൈദ്യൻ പറഞ്ഞതാം
'ച്യവനപ്രാശ'മുൾക്കൊള്ളും
ഭരണി കാൺമൂ.

ചുററും, വീടി, സിഗററു,
തീപ്പെട്ടിക്കോ,ലിവയുടെ
കുററികളന്യോന്യം പുല്കി-
പ്പുൽകിശ്ശയിപ്പൂ.



Digitized By Kerala Sahitya Akademi

തെല്ലകലെ,ച്ചുമരിന്മേ–
ലാണിയൊന്നിൽത്തൂങ്ങിക്കിട–
ന്നുല്ലസിപ്പൂ കണ്ണാടിയും
മീതെയായ് ചീപ്പും.

ഒരുഭാഗം ഭിത്തിയിന്മേ–
ലൊന്നുരണ്ടു ഷർട്ടും മുണ്ടു–
മൊരു കോട്ടും കച്ചത്തോർത്തും
പരിലസിപ്പൂ.

ഹോട്ടലിൽ നിന്നൊരു പയ്യൻ
പകച്ചുകൊണ്ടു വന്നിട്ട–
മോട്ടുടക്കപാത്രമുണ്ടൊ–
രൊഴിഞ്ഞ കോണിൽ.

ഗ്ലാസിലൊന്നിൽപ്പച്ചവെള്ളം
കടലാസൊന്നിട്ടുമൂടി
മേശമേൽ വെച്ചിരിക്കുന്നു
കുടിക്കാനായി.

‘ടെക്സ്റ്റയിൽടെക്നോളജി’ക്കു
പഠിക്കുമെൻ കൊച്ചനുജൻ
ടെക്സ്റ്റുബുക്കും വെ,ച്ചുറക്കം
തൂങ്ങിയിരിപ്പൂ.

അപ്പുറത്തു താമസിക്കു–
മഞ്ചൽമാസ്റ്ററിടയ്ക്കിട–
ക്കല്പമല്പം ചുമക്കുന്നൊ–
രൊച്ച ഞാൻ കേൾപ്പൂ.



Digitized By Kerala Sahitya Akademi

മറുഭാഗത്തുള്ള മച്ചിൽ
    വാഴമേതോ ഗായകൻെറ
മുരളികാലാപമിങ്ങോ-
    ട്ടൊഴുകിടുന്നു.
അതിൻ മൃദുതരംഗങ്ങ-
    ളെന്നാത്മാവിൽ തട്ടിത്തട്ടി
മതിമറന്നെന്തിലോ ചേ-
    ന്നലിയുന്നു ഞാൻ.
എൻതലക്കു മുകളിലാ-
    യുത്തരവും ചുമൊന്നുകൊ-
ണ്ടന്തം മറന്നൊരു ഗൗളി
    മലന്നിരിപ്പൂ.
ഒരു കൊത്തു കടിപ്പൂ വ-
    ന്നെൻമുതുകിൽ— കൊട്ടപ്പൂ ഞാ-
നൊരു പെട— 'ഭടേ'യെന്ന
    ശബ്ദവും കേൾപ്പൂ.
ശത്രുവവൻ ശിരസ്സിലെൻ
    കൈത്തലത്തിൻ ബോംബു വീണു
സിദ്ധികൂടി— ചതഞ്ഞയ്യോ
    ചമ്മന്തിയായി.
കവിയേവം കൊലയാളി-
    യായിമാറും കാഴ്ച കാൺകെ
ക്കവിതാകാമിനി പേടി-
    ച്ചോരോട്ടമോടി!



Digitized By Kerala Sahitya Akademi

തുടരുന്നതിനിപ്പിന്നെ-
        യെങ്ങനെ ഞാൻ?—പേനതാഴ-
ത്തിടുകയേ തരമുള്ളൂ—
        ക്ഷമിപ്പിൻ നിങ്ങൾ!
*വിലപെട്ടമീയദ്ധ്യക്ഷ-
        നുള്ളകാല,മെനിയ്ക്കുണ്ടോ
വിഷമം, ഹാ, രക്ഷനേടാൻ
        കൊലക്കുററത്തിൽ!!

6—7—1116

## കല്യാണബോംബ്

[ഹാസ്യാത്മകം]

അൻപിലെൻ സഖാക്കളു-
        മൊത്തുകല്യാണം കാണാൻ
ചമ്പറംപടിഞ്ഞു ഞാ-
        നിരിപ്പൂ മെത്തപ്പായിൽ.
മേടമാസമാ,ണൊത്ത
        മദ്ധ്യാഹ്നം, വെയിലിൻെറ
ചൂടസഹ്യമാ,ണാൾത്തി-
        ക്കുണ്ടു പന്തലിലേററം.

*അദ്ധ്യക്ഷൻ:—സുപ്രസിദ്ധക്രിമിനൽവക്കീലായ ശ്രീ. മള്ളൂർ ഗോവിന്ദപ്പിള്ള, ബി. ഏ. ബി. എൽ.



Digitized By Kerala Sahitya Akademi

ചെറിയ വീടാ,ണില്ല
വിസ്താരം മുററത്തിനു,
നിറയെപ്പെണ്ണുങ്ങളും,
വികൃതിക്കുഞ്ഞുങ്ങളും;

എരിയും തിരികളും,
ചന്ദനത്തിരിപ്പുക-
ച്ചുരുളോടിടഞ്ഞഷ്ട-
ഗന്ധധൂമത്തിൻ ചാർത്തും;

കടുകുവറുത്തീടും
സീല്ക്കാരോത്ഭവഗന്ധം
കടന്നാ നാസാരന്ധ്ര-
ക്ഷോഭനിർഘോഷങ്ങളും;

കമ്പനം മസ്തിഷ്കത്തിൻ
സിരകൾക്കേകീടു,മാ-
ച്ചെമ്പകപ്പൂവിൻ രൂക്ഷ-
രൂക്ഷമാം സൗരഭ്യവും;

സർവ്വവുമിടചേർന്നു,
വീർപ്പുമുട്ടിയ്ക്കാനെന്നെ
റവിധിയവിടെക്കൊ-
ണ്ടിരുത്തീ മനഃപൂർവ്വം!

പാടുപെട്ടിടംവശം
പകുത്തി,ട്ടൊരു മുല്ല-
ക്കാടാക്കിത്തീർത്തിട്ടുള്ള
ഹ്രസ്വകേശവുമായി;



Digitized By Kerala Sahitya Akademi

കുങ്കുമപ്പൊട്ടും തൊട്ടോ-
രായിരം പുള്ളിക്കുത്താ-
ലങ്കിതമായിട്ടുള്ള
പട്ടുസാരിയും ചാത്തി;

'ബോഡീസിൻ' വെള്ളപ്പട്ട
'ജമ്പറു' തടുത്തിട്ടും
"പോടാ, പോ, നോക്കട്ടെ," ന്നാ
മട്ടല്ലും വെളിയ്ക്കുന്തി;

അന്യോന്യം കലഹിക്കു-
മവയെ,ച്ചേലച്ചുരു-
ളൊന്നിച്ചു, മിന്നും 'ബ്രൂച്ചിൽ'-
ക്കോർത്തിണങ്ങിടാതാക്കി;

ഇന്നോളം നാട്ടിൽത്തീർത്തി-
ട്ടുള്ളോരാപ്പൊൻപണ്ടങ്ങ-
ളൊന്നൊഴിയാതാമെയ്യി-
ലൊത്തുചേർന്നോളംവെട്ടി;

"ഇട്ടിട്ടും താഴേ ഞങ്ങ,-
ളെൻറപ്പോ ഘനം!" — കാതിൻ-
തട്ടുകൾ വീർപ്പിട്ടോളും
പൊൻകുണുക്കുകളേന്തി;

അണിയായ്, കൈയിൽത്താല-
മേന്തുമാളികളോടൊ-
ത്തവിടേക്കെഴുന്നെള്ള-
ത്താണതാ വധൂറാണി!

 4 *

Digitized By Kerala Sahitya Akademi

നമ്രമാണവളുടെ
ശിര,സ്സല്ലെങ്കിൽ, പക്ഷേ
നന്മയില്ലവൾക്കെന്നു
വല്ലോരും ശങ്കിച്ചാലോ!

ഒററയ്ക്കു വഴിയ്ക്കെങ്ങാൻ
കാണുകിൽ, തലവെട്ടി-
ച്ചുററുനോക്കീടാറുള്ളോ-
രാമഞ്ഞപ്പെൺപോക്കിനെ,

അങ്ങനെ, മന്ദാക്ഷത്തിൽ-
പ്പൊതിഞ്ഞു, മുന്നിൽക്കാൺകെ
ഞങ്ങളത്ഭുതപ്പെട്ടു-
മന്യോന്യം നോക്കിപ്പോയി.

ചിലർക്കു ചുണ്ടിൽ സ്വല്പം
പുഞ്ചിരി പൊടിച്ചു—ഞാൻ
ചിരിച്ചി,ല്ലാരാൻ കണ്ടാൽ
മര്യാദകേടായാലോ!

ദല്ലാളുണ്ടരികത്തു,
കളഭം വാരിത്തേച്ചു
മുല്ലപ്പൂക്കളുമണി-
ഞ്ഞന്തസ്സിലിരിക്കുന്നു.

"ഞാനിതു നടത്തി,"യെ-
ന്നൊതുക്കാനാകാ,തഭി-
മാനസുസ്മിതമൊന്നാ-
ച്ചുണ്ടിലുണ്ടിഴയുന്നു.



Digitized By Kerala Sahitya Akademi

വട്ടത്തിൽ, മാറെത്തുമ്പോൾ-
ക്കുളത്തിഴം കഴുത്തിൻെറ

പട്ടയുള്ളുൾക്കപ്പായം
വെളിയിൽക്കാണുംമട്ടിൽ,

ഉള്ളിതൻ തൊലിയേക്കാൾ
മിനുത്തു, മൃദുവായ-
ട്ടുള്ള വസ്ത്രത്താൽത്തീർത്ത
നീണ്ട 'ജുബ്ബാ'യും ചാർത്തി;

'സ്റ്റയിലാ'ണതെന്നൊരു
ഭാവത്തിൽ,ത്തുവാലയൊ-
ന്നയവാ,യലസമായ്-
ക്കണ്ഠത്തിൽച്ചുററിക്കെട്ടി;

'റിസ്റ്റ്‌റവാ'ച്ചെല്ലാവരും
കാണുവാൻ മാത്രം, കൈകൾ
മുട്ടോളം തെറുത്തേററി,-
പ്പൊടിമീശയുമായി;

ചെറെറാരൗദ്ധത്യം കണ്ണിൽ-
സ്ഫുരിക്കേ,ത്താനങ്ങൊരു
'ചിററു ചട്ടമ്പി'യാണെ-
ന്നുള്ളൊരു ഭാവം കാട്ടി;

പെണ്ണുങ്ങൾ നില്ക്കുന്നിട-
ത്തനന്തെത്തസ്സകലത്തും
തന്നുടെ ശിരസ്സിലാ-
ണെന്നൊരു നാട്യത്തോടെ;


Digitized By Kerala Sahitya Akademi

പൂവ്വുകാമുകനാകി,–
ല്ലൊരുവൻ, നാരങ്ങയും
പൂവുമേകുവാൻ, 'തയ്യാ–
റെട്ട'ത്തങ്ങനെ നില്പൂ!

*    *    *

'ഗ്രാമഫോൺ' ചക്കാട്ടുമാ–
സ്സംഗീതം സഹിയ്ക്കാം, ഹാ,
ഭീമമാം ശ്രുതിയൊത്താ–
പ്പിളപ്പൻ നാഗസ്വരം!!
ദുസ്സഹമതിനേക്കാൾ,
ഗോഷ്ഠിയിൽ, തകിലോടു–
മത്സരി,ച്ചയ്യോ, കാട്ടു–
മാ പ്രാണപരാക്രമം!

*    *    *

ആപാദചൂഡം വിയ–
ർത്തൊഴുകി,ക്കരിവുര–
ണ്ടാകവേ, കണ്ണും മൂക്കും
ചുകന്നു, വെള്ളം ചാടി;
ആരക്തതാംബൂലാർദ്ര–
ദ്രാവകം, ശ്മശ്രുക്കളി–
ലോരോ തുള്ളികളായി–
ട്ടങ്ങനെ തത്തിത്തുള്ളി;



Digitized By Kerala Sahitya Akademi

എത്തി, ദക്ഷിണവാങ്ങി,–
കൈ പൊക്കിയനുഗ്രഹം
പൊത്തിവെച്ചുയായ് നമ്ര–
ശിരസ്സിൽ, പൂണൂലിട്ടോർ!

അവരെത്തുടൎന്നച്ഛ–
നമ്മ,യമ്മാവൻ, വാദ്ധ്യാർ……
ശിവനേ, നമസ്കരി–
ച്ചാപ്പാവം കുഴങ്ങിപ്പോയ്!

*　　*　　*

"മാലയാണാദ്യ"—"മല്ല,
മോതിരമാ"—"ണാകട്ടേ!"—
"താലികെട്ടില്ലേ?"—"താനൊ–
ന്നടങ്ങി നില്ക്കൂ, കൂവേ!"

തക്കമായ്ച്ചടങ്ങിനേ–
പ്പററിയാ മൂപ്പീന്നന്മാർ—
"നില്ക്കുക, തക്കിസ്സാ,നി–
തിത്ര പുത്തരിയാണോ?

പപ്പുള്ളച്ചേട്ടൻ ചൊന്ന–
താണിതിൽപ്പരമാൎത്ഥം
തപ്പില്ല, തമ്മിലാദ്യം
മോതിരമിടീക്കട്ടേ!"—



Digitized By Kerala Sahitya Akademi

നാട്ടുകാര്യസ്ഥൻ തീർപ്പു
കല്പിച്ചു—"തിരിയൊന്നു
നീട്ടുക!"—"ബോലാ, ഷട്ട്!"
"മുഹൂർത്തം തെററിയ്ക്കല്ലേ!"—

* * *

മോതിരം മാറീ, മാല-
യിട്ടു, പാസ്സുരവകൾ
കാതുപൊട്ടിയ്ക്കു, കോടി-
വസ്ത്രവും നല്കപ്പെട്ടു!—

അപ്പോഴെയ്ക്കാരാക്രോശം:—
"നിർത്തുക നാഗസ്വരം!"
അ'ശ്രുതി'യുടെ കവിൾ-
ക്കുടമക്ഷണം പൊട്ടി!

നിന്നുപോയ്ത്തകിലടി—
"മാറിനിൽക്കെടീ മാത്തു
മുന്നോട്ടു പോട്ടമ്മായി"—
"കൊച്ചിനേപ്പിടീ ജാനൂ!"

പെണ്ണുങ്ങൾ 'ബ്ലൗസി'നുള്ള
തുണിയും മററും മററും
പെണ്ണിനു സമ്മാനിയ്ക്കാൻ
തിക്കമാക്കോലാഹലം!



Digitized By Kerala Sahitya Akademi

"ഇച്ചിരി ചവസ്കാനി-
ഞ്ഞെടുത്തു തന്നാട്ടൊന്നു
കൊച്ചമ്മേ!"—മുററംതൂപ്പ്-
കാരിതൻ നിവേദനം!
"അതിനാണിപ്പോൾ നേരം!..."
കൊച്ചമ്മക്കോപം!—"നെന-
ക്കിതുമാസോത്ര്യാ മോളേ?—"
നാണിച്ചി,"ട്ടാറമ്മൂമ്മേ.!"
"ചെക്കനു പൊക്കം പോരാ
നത്തുപോലാണാ മുഖ-
മിത്തിരി വക്കത്തില്ല!"—
"പതുക്കെപ്പറാ നാണി!"
"കച്ചയുണ്ടാക്കാമ്മേല,
നിശ്ശബ്ദം!"—മുന്നോട്ടേയ്ക്കോ-
രൊച്ച,ല്ല തെററിപ്പോ,യൊ-
രോന്തതാ നീങ്ങീടുന്നു!
സഹിയ്ക്കാമെന്തും—പക്ഷേ
മംഗളപത്രം!—നോക്കു
സദസ്സിൻ മദ്ധ്യത്തിലാ-
സ്സംഹാരസച്ചരൂപിയെ!
അല്പനാളവൾക്കയാൾ
'ട്യൂഷ'നുണ്ടായിട്ടുണ്ട-
തപ്പാടെ മറക്കാമോ,
നന്ദികാട്ടണ്ടേ മർത്ത്യൻ?



Digitized By Kerala Sahitya Akademi

അതിനിസ്സാധുക്കളെ-
കൊന്നിട്ടു വേണോ സാറേ?—
ഗതിയെന്തിനി, വാദ്ധ്യാർ
ഹിംസിയ്ക്കാനാരംഭിപ്പൂ!

*　　　　*　　　　*

എട്ടടിച്ചേരയ്ക്കൊത്ത
സംസ്കൃതവൃത്തം, കഥ-
ക്കെട്ടില്ലുടന്തിത്തള്ളി-
പ്പുറത്തു ചാടും ശബ്ദം;

ശപ്തമാം ജലദോഷം
പാരുഷ്യമിരട്ടിച്ച
ശബ്ദവുമായിഗ്ഗസ്തി-
പിടിയ്ക്കും സഭാകമ്പം;

കുപ്പായക്കീറൽ കാണാ-
തിടത്തെത്തോളിൽക്കൈയൊ-
ന്നപ്പഴപ്പോൾപ്പൊക്കി, ത്തോൾത്തു
നേരെയാക്കേണ്ടും ഭാരം *

എന്തെല്ലാം പ്രയാസങ്ങ-
ളാ, ണൊന്നുമോക്കാതയാ-
ളെന്തിനിപ്പുലിവാലിൽ-
ച്ചെന്നയ്യോ, പിടികൂടി!!

*　　　　*　　　　*

* ഈ ആശയത്തിനു് എനിയ്ക്കു ഫലിതസമ്രാട്ടായ ഈ. വി. കൃഷ്ണപ്പിള്ളയോടു കടപ്പാടുണ്ടു്.



Digitized By Kerala Sahitya Akademi

വരവാനരനല്പം
പല്ലിളിച്ചിട്ടു,ണ്ടതി-
നരികേ ബിംബംപോലെ
നില്പാണു ലജ്ജാപിണ്ഡം!

മംഗളപത്രമാത്രം
വർണ്ണിച്ചു പ്രകൃതിയെ-
ശൃംഗാരക്കുഴമ്പായി;—
വൃദ്ധന്മാർ തലയാട്ടി!

വിയർപ്പിൻ ഗന്ധം ചുററു-
മെനിക്കു ശ്വാസം മുട്ടി
വിടുകില്ലയാൾ—ശ്ലോകം
രണ്ടു തീർന്നിട്ടേയുള്ളൂ.

വരുന്നു മൂന്നാമത്തെ—
വൺ, ടൂ...ത്രീ!—സഖാക്കളേ,
വരുന്നു മൂന്നാമത്തെ-
ബ്ബോംബു, തയ്യാറായ്ക്കൊള്ളൂ!—

“സാവിത്രീ ബത സീത ഹന്ത സതിവൃ-
ന്ദാരാദ്ധ്യമൂക്കത്തിയാ-
മാവിഖ്യാതയരുന്ധതീതി മഹതി-
ക്കൂട്ടം ഗമിച്ചാപ്പഥി,



Digitized By Kerala Sahitya Akademi

പൂവിട്ടങ്ങിഹ പോവൊരി‘ച്ചെലമ’യെ-
ക്കുററിപ്പുറസ്ഥൻ, മഹാൻ,
പൂവമ്പൻ, ധൃത‘കിട്ടു’നാമ,നിത്യ-
ണ്ണിക്രുപ്പു വേൾക്കുന്നു ഹാ!”

[ഹാ, ഗുരുവായൂരപ്പാ. തല ചുററീടുന്നല്ലോ!
വേഗമാകട്ടേ!—വെള്ളം!—എൻ കൊടുങ്ങല്ലൂരമ്മേ!]

“അയ്യോ!”......പിന്നൊന്നും ബോധ-
മില്ല മേ—മിഴി വീണ്ടും
പയ്യെ ഞാൻ തുറന്നപ്പോൾ-
ക്കിടപ്പാണാസ്പത്രിയിൽ!!

*　　　*　　　*

ഒക്കെ ഞാൻ സഹിച്ചിട്ടും
സദ്യയുണ്ണാനന്നൊന്നി-
യ്യൊക്കാഞ്ഞതോർക്കുമ്പോഴു-
ണ്ടിപ്പൊഴും പശ്ചാത്താപം!

കിട്ടുണ്ണിക്കുറുപ്പിനെ—
മുത്തുമർക്കടത്തിനെ—
നട്ടെല്ലുരണ്ടായൊടി-
ച്ചിട്ടിട്ടു, പാപത്തിനെ,



Digitized By Kerala Sahitya Akademi

പിന്നെയും മുത്തുകത്തു
ചവിട്ടിച്ചതു,ച്ചൊരു
കുന്ദസായകനാക്കി-
ത്തീർത്തോരാ ബ്രഹ്മാവിനെ;

'ശാർദ്ദൂലവിക്രീഡിത'-
ക്കരുവിൽ, ചെല്ലമ്മയെ
വാർത്തുടത്തൊരു വശം
ചതച്ചു കളഞ്ഞോനെ;

അവനെപ്പേടിച്ചിപ്പോ-
ളരികേ പോകില്ലാരും
ശിവനേ, മനുഷ്യർക്കു
ജീവനിൽക്കൊതിയില്ലേ?

*　*　*

ഇന്നു,മാ വാദ്ധ്യാരെ ഞാൻ
ദൂരെയെങ്ങാനും കണ്ടാൽ
മുന്നോട്ടൊരടി പിന്നെ
വെയ്ക്കില്ല—തിരിഞ്ഞോടും!

വല്ല കല്യാണത്തിനു-
മെത്തിയാലയാൾ, സദ്യ-
യ്ക്കല്ലാതെ കാണില്ലെന്നെ-
പ്പന്തലിലൊരേടത്തും!



Digitized By Kerala Sahitya Akademi

മണ്ണിതിൽ, കുഷ്ഠം, പ്ലേഗു,
കോളറ, മധുരവു-
മെന്നൊസ് കൃഷ്ണനമൊത്തു-
ള്ളാ ഹാസ്യചലച്ചിത്രം;

ചാവുന്ന ഫൈലോളജി-
ക്ലാസ്സുകൾ, ബാർബർസലൂൺ
ഷേവുകൾ, ഹാർമ്മോണിയ-
പ്പാട്ടുകൾ, പേപ്പട്ടികൾ;

പിംഗള-ഗൊണോറിയ,
ബജ്രയെന്നിവയേക്കാൾ
മംഗളപത്രങ്ങളേ,
നിങ്ങളെപ്പേടിപ്പൂ ഞാൻ!!......

11—8—1120.



Digitized By Kerala Sahitya Akademi

# ചില നല്ല പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1. | വഴിവിളക്കുകൾ (ഇ. എം. കോവൂർ) | 1 | 8 |
| 2. | ഒററനോട്ടത്തിൽ (മുണ്ടശ്ശേരി) | 1 | 0 |
| 3. | പ്രേമലേഖനം (വൈക്കം മുഹമ്മദ് ബഷീർ) | 1 | 0 |
| 4. | ബാല്യകാലസഖി 5-ാംപതിപ്പ് ,, | 1 | 4 |
| 5. | പുള്ളിമാൻ (പൊററക്കാട്) | 1 | 8 |
| 6. | പൌർണ്ണമി ,, | 1 | 8 |
| 7. | നിമിഷം (ജി. ശങ്കരക്കുറുപ്പ്) | 1 | 0 |
| 8. | പരമാർത്ഥങ്ങൾ (തകഴി) | 1 | 8 |
| 9. | മനുഷ്യൻ 2-ാംപതിപ്പ് (കെ. ദാമോദരൻ) | 2 | 0 |
| 10. | ഒരു സ്ത്രീയുടെ ജീവിതം—മോപ്പസങ്ങ് | 2 | 8 |
| 11. | ഗാന്ധിയുടെ കൂടെ (ലൂയിഫിഷർ) | 2 | 8 |
| 12. | യുദ്ധമോ സമാധാനമോ (സി. ഉണ്ണിരാജ) | 1 | 4 |
| 13. | ഏകലോകം | 3 | 0 |
| 14. | ഭഗവദ്ഗീത (വ്യാഖ്യാനസഹിതം) | 10 | 0 |
| 15. | സമ്മാനം (മുണ്ടശ്ശേരി) | 1 | 4 |
| 16. | സൌന്ദര്യനിരീക്ഷണം (എം. പി. പോൾ) | 0 | 12 |
| 17. | രണ്ടു പുഷ്കിൻകഥകൾ | 1 | 0 |
| 18. | ഉർവ്വശി (ടി. ആർ. നായർ) | 0 | 12 |
| 19. | ഇരുണ്ടദിവസങ്ങൾ | 1 | 8 |
| 20. | മത്തായിമാസ്റ്റർ (പോഞ്ഞിക്കര റാഫി) | 0 | 1[illegible] |
| 21. | നാഴികമണി (നാഗവള്ളി) | 1 | |
| 22. | ധനശാസ്ത്രപ്രവേശിക (കെ. ദാമോദരൻ) | 1 | 0 |
| 23. | പ്രവാഹം (കേശവദേവ്) 2-ാം പതിപ്പ്: | 1 | 0 |
| 24. | രാജാങ്കണം (കുട്ടികൃഷ്ണമാരാർ)—നിരൂപണങ്ങളുടെ സമാഹാരം | 4 | 0 |
| 25. | നവലാളനങ്ങൾ (ഇ. എം. കോവൂർ) | 1 | 8 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi